ഗദ്യ കവിത

# അഭയാർത്ഥി

വാസുദേവ് പുളിക്കൽ

പഞ്ചഭൂത നിർമ്മിതമാം ശരീരം നശ്വരം
ദിവ്യചൈതന്യം തുളുമ്പുമാത്മാവനശ്വരം
എങ്കിലുമാത്മാവൊരഭയാർത്ഥി.
നിഷ്ക്കാമകർമ്മത്താൽ പാപക്കറകൾ നീക്കി
തിളക്കമാർജ്ജിക്കാനാത്മിവിനു വേണം
ശരീരംപലവട്ടമിതു പുനർജന്മത്തിൻ ന്യായം.
ഭഗീരഥിയും മന്ദാകിനിയുമൊന്നിക്കും
രുദ്രപ്രയാഗയിലവരും ഗംഗാതീർത്ഥം.
അതുവരെയൊഴുകിയ പ്രദേശമവർക്കന്യം
പിന്നയൊരു തിരിച്ചുപോക്കില്ലങ്ങോട്ട്.
ഇന്ദ്രിയങ്ങളെയന്തർമുഖമാക്കി
ജീവാത്മാവിനെ പ്രകാശിപ്പിക്കുമ്പോൾ
മനസ്സിൻെറ തടാകത്തിലില്ലോളങ്ങൾ
സ്വച്ഛമാം ജലപ്പരിപ്പിന്നടിത്തട്ടിലും
കാണാം സൂര്യൻെറ പ്രതിച്ഛായ
പ്രകാശം പ്രസരിക്കും ആത്മവിശുദ്ധിയിൽ
ജീവാത്മാവിൻ ലയനം പരമാത്മാവിൽ
ജനിമൃതികളില്ലാ സായൂജ്യത്തിൻ ദിവ്യോത്സവം
പിന്നീടഭയസ്ഥാനമല്ല ശരീരമാത്മാവിന്.

ശരീരത്തിനും വേണം തലചായ്ക്കാനിടം
മനസ്സിൽ നീറും ഉണങ്ങാത്ത മുറിവുമായ്
വീടുവിട്ടിറങ്ങമ്പോളഭയമെവിടെയെന്ന
ചോദ്യമലട്ടിയിരുന്നെൻ മനസ്സിനെ.
അശരണർക്കഭയമമ്പലങ്ങളെന്നൊരു
ചിന്തയുണർന്നു മനസ്സിന്നകത്തളത്തിൽ.
'ഗുരുവായൂരമ്പല നടയിൽ ഞാൻ പോകും'
ഗാനശകലം ഊറിയൂറി വന്നെൻ മനസ്സിൽ.
ഏകാഗ്രതക്ക് ഭംഗം വരുത്തും ജനപ്പെരുപ്പം.
വേണ്ടെന്നു വച്ചു ഗുരുവായൂരമ്പല നട.

"യാദേവി സർവ്വഭൂതേഷു ലക്ഷ്മി രൂപേണ
സംസ്ഥിതാത് നമസ്തസ്യേ നമസ്തസ്യേ ---"
അഭയം പ്രാപിക്കാം ധനദേവതയിൽ

തൊഴുതുനമസ്ക്കരിച്ചു ദേവീക്ഷേത്രനടയിൽ.
തീർന്നില്ലേ ധനമോഹം? എന്നന്തഃക്കരണത്തിൻ .
ഉൽബോധനം പോലുയർന്നുവന്നൊരു ചോദ്യം.
ധനമോഹമാം ഭൗതികതയുടെ വശ്യതയിലല്ലയോ
നഷ്ടമായത് ധനവും ബന്ധങ്ങളും സ്നേഹവും.
സ്ത്രീലമ്പടനും കള്ളനുമെന്ന് മുദ്രകുത്തൽ.
ക്ഷേത്ര സന്നിധിയിൽ മനസ്സു പ്രശാന്തം
അവാച്യമാമൊരാനന്ദത്തിന്നനുഭൂതി.

ഓണനിലാവുകളെത്ര കണ്ടു, ശരീരമുലഞ്ഞു.
കണ്മുന്നിൽ വരുമെന്നു കരുതിയില്ലൊരിക്കലും
കണ്ണീരും പൊറുക്കണമെന്നയപേക്ഷയുമായവൾ.
പെൺമോഹിയല്ല, കള്ളനല്ല, വഞ്ചകനുമല്ല ഞാൻ
വിധിയുടെ ക്രൂരമാം വിളയാട്ടത്തിൽ കാലിടറി
നിലം പതിച്ചൊരു ഹതഭാഗ്യനാണു ഞാൻ.

കാണരുതീ മുഖമെന്നൊരിക്കൽ ഞാൻ
ദേവതയെ കണക്കെ പൂജിച്ചയവളുടെ
നിർദ്ദയമാം ആക്രോശത്തിൻ പ്രതിധ്വനി
തങ്ങിനിൽക്കുന്നെൻ കാതുകളിലിപ്പൊഴും.
ലൗകികതയെ പുൽകാനില്ലിനിയാഗ്രഹം
ചിന്മയമാമാനന്ദത്തിൻ സ്വച്ഛത തേടി
പോകട്ടെ ഞാനെൻ വഴിയിലേകനായ്.

നെടിയൊരു നിശ്വാസവുമായയാൾ
ശരീരം തേടിയലയുമാത്മാവു പോൽ
നടന്നകന്നൊരഭയാർത്ഥിയായ്.